AMRITA VIDYALAYAM

ANNUAL EXAMINATION 2018 -'19

Class : V **Marks : 50**
Time : 2 hrs

മലയാളം

CREATIVE WRITING

I. "നല്ല കുട്ടികൾ നാടിന്റെ നന്മയ്ക്ക്" എന്ന വിഷയത്തെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക. 5

II. ആശയം വിപുലീകരിക്കുക. 5

"സ്നേഹമാണഖിലസാരമൂഴിയിൽ".

GRAMMAR

III. പിരിച്ചെഴുതുക. 2

1. സാഭിമാനം 2. സ്വാഗതമോതി

IV. വിഗ്രഹാർത്ഥമെഴുതുക. 1

അഗ്നിനാളം

V. 'വിളക്ക്' എന്ന വാക്ക് ഏത് നാമവിഭാഗത്തിൽ ഉൾപ്പെടുന്നു? 1

VI. ചേർത്തെഴുതുക. 1

1. ചമ്പക പൂവ്

SPELLING

VII. വിട്ടുപോയ അക്ഷരം പൂരിപ്പിക്കുക. 4

1. വാ ..... റ്റ 2. ക ..... നീയം
3. തീ ..... ള്ളി 4. ചെ ..... പ്പ്

VIII. അക്ഷരം ക്രമീകരിച്ചെഴുതുക. 4

1. ച്ച/റി/ഞ്ഞു/രി/തി
2. ച/ൻ/ണ/ന്ദ്ര/ക്ഷീ
3. ല്പം/ദാ/ശി/രു
4. ത്ത/കൂ/ന്ന/ടി/ക്കു

IX. തെറ്റുതിരുത്തുക. 2

1. ഉദ്ഗോഷിക്കുക.
2. വ്യാപ്രതൻ

VOCABULARY

X. അർത്ഥം കണ്ടെത്തുക. 4

1. സൗമ്യം – ശക്തി
2. ചേല് – പെട്ടെന്ന്
3. സമുച്ചയം – ശാന്തം
4. ആശു – ഭംഗി
   – കൂട്ടം

XI. വിപരീതപദമെഴുതുക. 2

1. ഇന്നത്തെ മിത്രം നാളത്തെ ..... ആയേക്കാം.
2. ധീരന്മാർ ജീവിതത്തിൽ പരാജയപ്പെടില്ല എന്നാൽ ..... ജീവിതത്തിൽ പരാജയം ഏറ്റുവാങ്ങേണ്ടി വരുന്നു.

XII. പര്യായപദമെഴുതുക. 4

1. വാതിൽ
2. തളിര്
3. ഗുഹ
4. വണ്ടി

LITERATURE

XIII. ഉത്തരമെഴുതുക. 10

1. സാവധാനമാണ് ഉണ്ണി കളിക്കോപ്പുകൾ എടുത്ത് നിരത്തിയത്. എന്താവാം അതിനു കാരണം?
2. 'പഞ്ചാമൃതം' എന്ന കവിതയിലെ ഇഷ്ടപ്പെട്ട നാലുവരി എഴുതുക.
3. പൂമുഖ മാളികയിലെ അപൂർവ്വതകൾ എന്തെല്ലാം?
4. "ഒക്കെയും ലോകസ്വഭാവമാണ്" – എന്താണ് ലോകസ്വഭാവം?

5. മാർട്ടിന്റെ ചങ്ങാതിയുടെ ഉപദേശം എന്തായിരുന്നു?

HANDWRITING

XIV. നദിയുടെ ഒഴുക്കുപോലെ ഈശ്വരനെക്കുറിച്ച് ഇടവിടാതെയുള്ള ചിന്തയെ ധ്യാനമെന്നു പറയാം. ശരിക്കുള്ള ഏകാഗ്രത നേടിയാൽ മാത്രമേ ധ്യാനത്തിലെത്താൻ സാധിക്കൂ. തുടക്കത്തിൽ ജപത്തിലും കീർത്തനത്തിലും മനസ്സിനെ ലയിപ്പിക്കണം. മനസ്സ് ഏകാഗ്രമാക്കണം. എന്നിട്ട് ധ്യാനം ശീലിക്കണം. **5**